അപേക്ഷാഫാറത്തിന്റെ വില : 140 രൂപ

അപേക്ഷ എൽ.ബി. III

# കേരള സംസ്ഥാന ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ്

## ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ ലൈസൻസിനുള്ള അപേക്ഷ
## ക്ലാസ് - സി

( ചട്ടം - 48 )

( ഫാറം പൂരിപ്പിക്കുന്നതിനുമുമ്പ് നിർദ്ദേശങ്ങൾ വായിക്കുക )

| | | |
|---|---|---|
| 1. | ഏതു പേരിലാണ് ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ ലൈസൻസ് അപേക്ഷിക്കുന്നത് | |
| 2 | ബിസിനസ് മേൽ വിലാസം<br><br>പിൻകോഡ് : | |
| 3. | പൂർണ്ണമായ പേരും സ്ഥിരം മേൽവിലാസവും<br><br>പിൻകോഡ് : | |
| 4. | മുമ്പ് കോൺട്രാക്ടറുടെ ലൈസൻസ് ലഭിച്ചിട്ടുണ്ടോയെന്ന്<br><br>(ഉണ്ടെങ്കിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുക) | |
| 5. | മറ്റേതെങ്കിലും ലൈസൻസിംഗ് ബോർഡ് ഈ പേരിൽ കോൺട്രാക്ടറുടെ ലൈസൻസ് നൽകിയിട്ടുണ്ടോയെന്ന്<br><br>(ഉണ്ടെങ്കിൽ ദയവായി താഴെ പറയുന്ന വിവരങ്ങൾ പ്രസ്താവിക്കുക) | |
| | നൽകിയ അധികാരിയുടെ പേര് | |
| | നൽകിയ തീയതി | |
| | ലൈസൻസ് അവസാനിക്കുന്ന തീയതി | |
| | ഏറ്റെടുത്തു നടത്താൻ അനുവദിച്ചിട്ടുള്ള ജോലിയുടെ വിശദാംശങ്ങൾ | |
| 6. | അപേക്ഷകൻ നേടിയിട്ടുള്ള സാങ്കേതികവും തൊഴിൽപരവുമായ യോഗ്യതകൾ | |
| | 1.വിദ്യാഭ്യാസ യോഗ്യത | |
| | 2.ലൈസൻസിംഗ് ബോർഡിൽനിന്നും ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് / പെർമിറ്റ് എന്നിവയുടെ നമ്പരും ലഭിച്ച തീയതിയും | |

| | | |
|---|---|---|
| | 3.വയർമാനായി ജോലി നോക്കിയിട്ടുള്ള പരിചയം<br>( വിശദാംശങ്ങൾ രേഖപ്പെടുത്തുക ) | |
| എ | ലൈസൻസുള്ള കോൺട്രാക്ടറുടെ കീഴിൽ<br>(ലൈസൻസ് നമ്പർ രേഖപ്പെടുത്തുക) | |
| ബി | മറ്റ് സ്ഥാപനങ്ങളിൽനിന്ന് ലഭിച്ച പരിചയം | |
| സി | അനുബന്ധത്തിൽ കൊടുത്തിട്ടുള്ള പ്രഖ്യാപനഫാറം അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോയെന്ന് | |
| 7. | അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്രമാണങ്ങളുടെ വിശദവിവരങ്ങൾ | |
| 8. | അപേക്ഷകന്റെ കൈവശമുള്ള പരീക്ഷണോപകരണങ്ങളുടെ വിവരങ്ങൾ<br>(ഈ ഉപകരണങ്ങൾ ടെസ്റ്റ് ചെയ്തതിനുള്ള റിപ്പോർട്ട് ഹാജരാക്കണം) | |

*പണം അടച്ചതിനുള്ള ചെല്ലാൻ രസീത് ഹാജരാക്കണം

| | ചെലാൻ നമ്പർ | തീയതി | തുക | അടച്ച ട്രഷറിയുടെ പേര് |
|---|---|---|---|---|
| | | | | |

ഇൻഡ്യൻ ഇലക്ട്രിസിറ്റി നിയമത്തിലും ഇൻഡ്യൻ ഇലക്ട്രിസിറ്റി ചട്ടങ്ങളിലും ലൈസൻസിംഗ് ബോർഡ് ചട്ടങ്ങളിലും പ്രതിപാദിക്കുന്ന രീതിയിൽ വയറിംഗ് ജോലികൾ ഞാൻ സ്വമേധയാ ചെയ്തിട്ടുള്ളതാണെന്നും ലൈസൻസുള്ള മറ്റ് വയർമാൻമാരുടെ സേവനം ഈ ജോലികൾക്ക് ഉപയോഗിച്ചിട്ടില്ലായെന്നും ഇതിനാൽ പ്രഖ്യാപിച്ചു കൊള്ളുന്നു. ഈ ലൈസൻസ് ലഭിക്കുന്നതിനുള്ള നിബന്ധനകളും ചട്ടങ്ങളും ഞാൻ വായിച്ച് മനസ്സിലാക്കിയിട്ടുള്ളതും ആയത് ലംഘിക്കുന്ന പക്ഷം ലൈസൻസ് റദ്ദാക്കപ്പെടുന്നതാണെന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാകുന്നു.

മേൽപ്പറഞ്ഞിട്ടുള്ള സംഗതികൾ എന്റെ അറിവിലും വിശ്വാസത്തിലുംപ്പെട്ടിടത്തോളം സത്യസന്ധവും യഥാർത്ഥവുമാണെന്ന് ഞാൻ ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു. ഇതു സംബന്ധമായി എഴുതി സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും റിക്കോർഡുകളും, ലൈസൻസിംഗ് ബോർഡിൽനിന്നും നിർദ്ദേശിക്കുന്ന മാതൃകയിൽ എഴുതി സൂക്ഷിച്ചുകൊള്ളാമെന്ന് ഞാൻ ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

സ്ഥലം: ഒപ്പും
തീയതി : മേൽ വിലാസവും

* കുറിപ്പ് :
ഫീസിൻെറ വിവരങ്ങൾ : അപേക്ഷ ഫീസ് : രൂപ 140 /- അപേക്ഷയോടൊപ്പം അയയ്ക്കേണ്ട പ്രാരംഭ ഫീസ്: രൂപ 140 /-
പ്രാരംഭ നടപടികൾക്കുശേഷം ലൈസൻസ് നൽകുന്നതിനുള്ള ഫീസ് : രൂപ 430/- ( ആകെ ഫീസ് : രൂപ 710 /- )
ഒരു ഗവൺമെന്റ് ട്രഷറിയിൽ 0043 - 00 – 88- 99 എന്ന ശീർഷകത്തിൽ അടച്ച അസൽ ചെലാൻ രസീത് അപേക്ഷയോടൊന്നിച്ച് ഹാജരാക്കേണ്ടതാണ്.

# അനുബന്ധം

( ഒരു രൂപയുടെ കോർട്ട്ഫീസ് സ്റ്റാമ്പ് പതിക്കേണ്ടതാണ് )

## പ്രഖ്യാപന ഫാറം

1. ഞാൻ .......................................................................................... (പേര്) സ്വയം ഏറ്റെടുത്ത് ചെയ്യുന്ന ലോ വോൾട്ടേജ് വയറിംഗ് ജോലികൾക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളുവെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു. എന്റെ വയർമാൻ പെർമിറ്റിന്റെ നമ്പർ.......................................................... ആകുന്നു. അതിന്.......................................... വരെ സാധുതയുണ്ട്.

2. ഞാൻ ഇപ്പോൾ സർവ്വശ്രീ/ശ്രീ .......................................................... കീഴിൽ നിയമനത്തിലാണ്. അദ്ദേഹത്തിന്റെ / അവരുടെ കീഴിലുള്ള സേവനം ഒഴിയുന്നതിന് ഉദ്ദേശിക്കുന്നതായി നോട്ടീസ് ഞാൻ ഇതിനകം നൽകിയിട്ടുണ്ട്/നൽകുന്നതാണ് (എന്റെ.......................... തീയതിയിലെ കത്ത് നോക്കുക).

3. എനിക്ക് മറ്റേതെങ്കിലും ജോലി ലഭിക്കുകയോ ഞാൻ മറ്റേതെങ്കിലും കോൺട്രാക്ടറുടെ കീഴിൽ നിയോഗിക്കപ്പെടുകയോ ചെയ്യുന്നപക്ഷം ആ വിവരം ലൈസൻസിംഗ് ബോർഡിനെ അറിയിക്കുന്നതാണ്. ഇങ്ങനെ വന്നാൽ എന്റെ കോൺട്രാക്ടേഴ്സ് ലൈസൻസ് തിരിച്ചേൽപ്പിക്കുന്നതാണ്.

4. ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ടിലെയും ചട്ടങ്ങളിലെയും അതുപോലെ കേരള സംസ്ഥാന വിദ്യുച്ഛക്തി ലൈസൻസിംഗ് ബോർഡ് ചട്ടങ്ങളിലെയും വ്യവസ്ഥകളും അതോടൊപ്പം കേരള സംസ്ഥാന വിദ്യുച്ഛക്തി ലൈസൻസിംഗ് ബോർഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും എല്ലാ കാര്യത്തിലും പുറപ്പെടുവിക്കുന്ന എല്ലാ സർക്കുലർ നിർദ്ദേശങ്ങളും അനുസരിക്കുന്നതാണെന്നും ഞാൻ ഇതിനാൽ പ്രതിജ്ഞചെയ്യുന്നു.

സ്ഥലം :

തീയതി :

വയർമാന്റെ പേരും
ഒപ്പും

മേൽവിലാസം

(കുറിപ്പ് : ബാധകമല്ലാത്തത് വെട്ടിക്കളയുക )

# സി ക്ലാസ് കോൺട്രാക്ടറുടെ ലൈസൻസ് ലഭിക്കുന്നതിനുള്ള നിബന്ധനകൾ

(എ) ലൈസൻസിംഗ് ബോർഡിൽനിന്നും അന്യഥാ ഒഴിവാക്കപ്പെട്ടിട്ടില്ലെങ്കിൽ ഈ സംസ്ഥാനത്തിനകത്ത് സ്ഥിര താമസമാക്കിയവർക്കുമാത്രമേ ലൈസൻസിന് അർഹതയുള്ളു.

(ബി) ഫീസ്:

| | |
|---|---|
| അപേക്ഷാഫാറത്തിന്റെ വില | 140 രൂപ |
| അപേക്ഷയോടൊപ്പം അയയ്ക്കേണ്ട പ്രാരംഭ ഫീസ് | 140 രൂപ |
| പ്രാരംഭ നടപടികൾക്കുശേഷം ലൈസൻസ് നൽകുന്നതിനുള്ള ഫീസ് | 430 രൂപ |
| പുതുക്കുന്നതിനുള്ള ഫീസ് (മൂന്നു വർഷത്തിൽ ഒരിക്കൽ) | 360 രൂപ |
| ലൈസൻസ് പുതുക്കുന്നതിന് മൂന്നു മാസം വരെയുള്ള ലേറ്റ് ഫീസ് | 140 രൂപ |
| ഡ്യൂപ്ലിക്കേറ്റ് ലൈസൻസിനുള്ള ഫീസ് | 540 രൂപ |

മേൽപറഞ്ഞ ഫീസ് ഏതെങ്കിലും സർക്കാർ ട്രഷറിയിൽ **0043 – 00 – 800 – 99** എന്ന ഹെഡ്ഡിൽ അടച്ച് അസ്സൽ ചെലാൻ രസീത് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ഒരിക്കൽ അടച്ചിട്ടുള്ള ഫീസ് യാതൊരു കാരണവശാലും തിരിച്ചു നൽകുകയോ തട്ടിക്കിഴിക്കുകയോ ചെയ്യുന്നതല്ല.

(സി) ജോലിയുടെ സ്വഭാവം :

ഉപഭോക്താവിന്റെ പരിസരത്ത് ഒരു നിശ്ചിത ശേഷിയിൽ ലോ വോൾട്ടേജിൽ വൈദ്യുതി പ്രതിഷ്ഠാപന ജോലികൾ നിർവ്വഹിക്കുന്നതിന്.

(ഡി) എസ്റ്റാബ്ലിഷ്മെന്റ്:

അപേക്ഷകൻ - (1) കേരള ലൈസൻസിംഗ് ബോർഡിൽനിന്നും അനുവദിച്ചിട്ടുള്ള വയർമാൻ പെർമിറ്റുള്ള ആളായിരിക്കണം.

(2) വയർമാൻപരീക്ഷ എഴുതി പെർമിറ്റ് ലഭിച്ചവർക്ക് 5 വർഷത്തിൽ കുറയാത്ത പ്രായോഗിക പരിചയവും പരീക്ഷയിൽനിന്നും ഒഴിവാക്കികൊണ്ട് പെർമിറ്റ് ലഭിച്ചവർക്ക് 3 വർഷത്തിൽ കുറയാത്ത പ്രായോഗിക പരിചയവും ഉണ്ടായിരിക്കണം.

( ഇ ) അപേക്ഷകൻ താഴെ പറയുന്ന ഉപകരണങ്ങൾ കൈവശം വയ്ക്കേണ്ടതാണ്.

1. 500 വോൾട്ട് മെഗർ ഒരെണ്ണം
2. നിയോൺ ടെസ്റ്റർ ഒരെണ്ണം
3. എല്ലാ വയറിംഗ് ഉപകരണങ്ങളും
4. ബോർഡ് ആവശ്യമെന്ന് കരുതാവുന്ന മറ്റേതെങ്കിലും ഉപകരണങ്ങൾ

ഉപകരണങ്ങൾ ആദ്യമായി ലൈസൻസ് നൽകുന്നതിനുമുമ്പും അതിനുശേഷം നിശ്ചിത ഇടവേളയിലും തിരുവനന്തപുരത്തുള്ള കേരള ഗവൺമെന്റ് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ കീഴിലുള്ള ഇലക്ട്രിക്കൽ സ്റ്റാൻഡേർഡ്സും മീറ്റർ ടെസ്റ്റിംഗ് ലാബ്രട്ടറിയിലോ അല്ലെങ്കിൽ ബോർഡ് നിർദ്ദേശിച്ചിട്ടുള്ള മറ്റു ലാബ്രട്ടറിയിലോ ടെസ്റ്റ് ചെയ്യേണ്ടതും ടെസ്റ്റ് റിപ്പോർട്ട് ബോർഡിന് പരിശോധനയ്ക്ക് അയച്ചുതരേണ്ടതുമാണ്. ഇത് പരിശോധനയ്ക്കുശേഷം തിരിച്ചയയ്ക്കുന്നതാണ്.